## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 40** | **28/6/2016 ൽ മറുപടിയ്ക്ക്**

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. ദാസൻ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് അപേക്ഷിക്കുമ്പോൾ പാലിക്കേണ്ടുന്ന കാര്യങ്ങളും മാർഗ്ഗരേഖയും മാനദണ്ഡങ്ങളും വിശദമായി വ്യക്തമാക്കാമോ; | (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാധനസഹായമായി ജില്ലാ കളക്ടർമാർ 2000/- രൂപ വരെയും, റവന്യൂ വകുപ്പു മന്ത്രി 5000/- രൂപ വരെയും അനുവദിക്കുന്നു. മരണം സംഭവിച്ച ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ, മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ച് 1,00,000/- രൂപ വരെ അനുവദിക്കുന്നു. മന്ത്രിസഭാ യോഗ തീരുമാനത്തിന് വിധേയമായി ഒരു ലക്ഷം രൂപയിൽ കൂടുതൽ തുകയും അനുവദിക്കാറുണ്ട്.<br><br>ചികിത്സാ സഹായം, അപകടമരണം എന്നിവയ്ക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പ്രധാനമായും ധനസഹായം അനുവദിക്കുന്നത്.<br><br>അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1,00,000/- (ഒരു ലക്ഷം) രൂപയിൽ താഴെയായിരിക്കണം.<br><br>ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുകയുള്ളു.<br><br>ക്യാൻസർ, കിഡ്നി സംബന്ധമായ തുടങ്ങിയ ഗുരുതര രോഗങ്ങൾക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് ധനസഹായം ലഭിച്ച് രണ്ട് വർഷത്തിനു ശേഷം വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.<br>ക്യാൻസർ, വൃക്കരോഗം, ഹൃദയരോഗം, ന്യൂറോ സംബന്ധമായ രോഗം, ഹീമോഫീലിയ, എയ്ഡ്സ് എന്നീ ഗുരുതര രോഗങ്ങൾക്ക് 10,000/- രൂപവരെ അനുവദിക്കുന്നു.<br><br>അപകടമരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർ, മരണം നടന്ന് ഒരു വർഷത്തിനുള്ളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിന് അപേക്ഷിക്കേണ്ടതാണ്.<br><br>തീപിടുത്തം മൂലം വാസഗൃഹങ്ങൾക്കും, ചെറുകിട വ്യാപാരസ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും 10000/- രൂപ വരെയും അനുവദിക്കുന്നു. |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപകടംപോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്.<br>സ്ഫോടകശക്തിയുള്ള ഇന്ധനങ്ങളോ മറ്റു പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി ഒരു ലക്ഷം രൂപ നൽകുന്നുണ്ട്. |
| (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കാൻ തീരുമാനമെടുക്കുമോ; | (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നു. |
| (സി) | അപകടമരണങ്ങൾ സംഭവിക്കുന്ന കേസുകളിൽ ധനസഹായത്തിന് നിലവിലുള്ള മാനദണ്ഡങ്ങളും മാർഗ്ഗരേഖകളും വിശദമാക്കാമോ? | (സി) | (1) അപകടമരണങ്ങൾക്ക് വിധേയമാകുന്നവരുടെ കുടുംബങ്ങൾക്ക് മുപ്പതിനായിരം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നു. എന്നാൽ സ.ഉ.(കൈ) നം. 144/12/റവ തീയതി 11/04/2012 പ്രകാരം മരണം സംഭവിച്ച ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ ഒരു ലക്ഷം രൂപ വരെ അനുവദിച്ചുവരുന്നു.<br>(2) വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/ റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് പരമാവധി രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു.<br>(3) സ്ഫോടക ശക്തിയുള്ള ഇന്ധനങ്ങളോ മറ്റുപദാർത്ഥ ങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽ പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി 1 ലക്ഷം രൂപ നൽകുന്നു. ഇൻഷുറൻസ് തുകയോ ഉത്തരവാദപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട തുകയോ കണക്കിലെടുത്ത ശേഷം കൂടുതൽ തുക അനുവദിക്കുന്നകാര്യം പരിഗണിച്ച് അനുവദിക്കുന്നുണ്ട്.<br>(4) നക്സലൈറ്റ് ആക്രമണങ്ങളിലും മറ്റും കൊല്ലപ്പെടുന്ന കരസേന, വായുസേന, |

നാവികസേന, പാരാമിലിട്ടറി, GREF, കേന്ദ്രസംസ്ഥാന സർക്കാരുകൾ രൂപീകരിക്കുന്ന മറ്റു സേനാ വിഭാഗങ്ങൾ എന്നിവയിലെ ജവാൻമാർക്ക് സൈനിക ക്ഷേമനിധി ബോർഡിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകുന്നതല്ല.

(5) വാർഷിക വരുമാനം 1,00,000/- രൂപയിൽ താഴെയുള്ള അപേക്ഷകർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നു.

അപകടം നടന്ന് ഒരു വർഷത്തിനുള്ളിൽ സമർപ്പിക്കുന്ന അനുബന്ധ രേഖകളോടു കൂടിയ പൂർണ്ണമായ അപേക്ഷകൾ മാത്രമേ സാധാരണ ഗതിയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി പരിഗണിക്കാറുള്ളൂ. CMDRF-ന്റെ പ്രവർത്തനം സമ്പൂർണമായി കമ്പ്യൂട്ടർവൽക്കരിച്ച് യുക്തിപരമായി ധനസഹായം വേഗത്തിൽ ലഭ്യമാക്കാനുള്ള നിർദ്ദേശം പരിഗണിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ